# എസ്. കാച്ചപ്പിള്ളി



# മൊഴിമുത്തുകൾ

# മൊഴിമുത്തുകൾ

എസ്. കാച്ചപ്പിള്ളി

**MOZHI MUTHUKAL**
**(MALAYALAM-നുറുങ്ങുചിന്തകൾ)**

***Author:***
**S.KACHAPPILLY**

**Phone:9446459784**
**e-mail:** sebastiankachappily@yahoo.com
Web : www.kachappilly.in
Face book: sebastian kachappilly
Youtube: sebastiankachappilly
Blog: skachappilly.blogspot.in

***Published by:***
**SAMSKARA, NAYARAMBALAM**
**KOCHI – 682 509.**

***Published on:***
**June 2017**

***Distributed by:***
**SAMSKARA NAYARAMBALAM**
**KOCHI – 682 509.**

**Price:** ₹ 60/-

1. നെട്ടോട്ടം
2. മർദ്ദിത സമൂഹം
3. മാനദണ്ഡം
4. ഫാക്ടറി മാലിന്യം
5. പെരുമാറ്റ വൈകല്യം
6. ആത്മാർത്ഥത
7. ഗുണദോഷ വിചിന്തനം
8. ആനന്ദം
9. ജാഗ്രത
10. വിധികർത്താക്കൾ
11. ജീവിത വിജയം
12. ഇളവുകൾ
13. ബുദ്ധിമുട്ട്
14. പ്രവൃത്തികൾ
15. ഏകദേശ ധാരണ
16. പണത്തിന്റെ മൂല്യം
17. നിരീക്ഷണം
18. കടയ്ക്കലെ കത്തി
19. ജനാധിപത്യത്തിലുള്ള വിശ്വാസം
20. പരിഹാരം
21. പ്രാകൃതമായ കാര്യം
22. ദുർബലപ്പെടുത്തുന്ന വ്യവസായം
23. ചേറിലും ചെളിയിലും
24. മിശ്രവിവാഹങ്ങൾ
25. കരുത്ത് ജനാധിപത്യത്തിൽ
26. കമ്മിറ്റികളുടെ കലവറ
27. സൃഷ്ടിപരമായ മാറ്റങ്ങൾ
28. സൃഷ്ടിപരമായ പ്രവൃത്തി
29. ആത്മവിശ്വാസം

30. അകലെയുള്ളവർ
31. പരിഷ്ക്കരണം
32. വെല്ലുവിളി
33. നിബന്ധനകൾ
34. മേൽത്തട്ടു പരിധി
35. നിലവാരവും സംസ്ക്കാരവും
36. അതീവ ജാഗ്രത
37. നിയമനം
38. വിഴിഞ്ഞം പദ്ധതി
39. എൻജിനീയറിംഗ് കേളേജുകൾ
40. ഐ. ഐ. ഇ. എസ്. ടി
41. അസഹിഷ്ണത
42. വിദ്യാഭ്യാസ സ്ഥാപനങ്ങൾ
43. സർക്കാർ ഓഫീസുകൾ
44. കേരളത്തിന്റെ നേതൃത്വം
45. അനന്തര ഫലങ്ങൾ
46. സംഘടനാ പ്രവർത്തനം
47. സംഘടനാ മേഖല
48. പൊതുജനം
49. യൂണിയൻ നേതാക്കൾ
50. സ്ഥാപനങ്ങളുടെ മേന്മ
51. കാര്യക്ഷമത
52. ഉന്നത വിദ്യാഭ്യാസവും പഠനവും
53. ജീവിത വിജയം
54. അംഗീകാരം
55. മാറ്റങ്ങൾ
56. സമാധാന അന്തരീക്ഷം

മരിച്ചിട്ടും
കാലത്തെ അതിജീവിക്കുന്ന,
വ്യക്തിപ്രഭാവത്തോടെ നിലകൊളളുന്ന
മാതാപിതാക്കൾക്കായ്

കാലത്തിന്റെ സ്പന്ദനങ്ങളിൽ - സദാജാഗരൂകമായ്,
മുഖംമൂടികളില്ലാതെ,
മുഖമില്ലാത്തവർക്കായ്,
നിർഭയമായ്
നിത്യജീവിതത്തിലേയ്ക്ക് തുറന്നു വച്ച കണ്ണുകൾ
സമൂഹത്തിന്റെ സമഗ്ര പുരോഗതിയ്ക്കായി
ആഗ്രഹിക്കുന്ന ഒരു മനസ്സ് -അപഗ്രഥനങ്ങൾ,
പോംവഴികൾ, നിർദ്ദേശങ്ങൾ



## നെട്ടോട്ടം

ഭരണസമിതിയിൽ തിരഞ്ഞെടുക്കപ്പെട്ടവരായാലും, എക്സിക്യൂട്ടീവ് ജീവനക്കാരായാലും, കാര്യങ്ങൾ പഠിച്ച് അവതരിപ്പിച്ച്, എല്ലാവർക്കും ഗുണപ്രദമായ രീതിയിൽ കാര്യങ്ങൾ നേടിയെടുക്കാൻ പറ്റുന്നവരായിരിക്കണം. അല്ലാത്തപക്ഷം പറയുന്നത് കേട്ട് അതേപടി അംഗീകരിച്ച് തിരിച്ചുവന്ന് അധിക പ്രസംഗം നടത്തി ആളാകുമ്പോൾ സമൂഹത്തിനു സംഭവിച്ച നഷ്ടങ്ങളുടെ കണക്ക് എത്രയെന്നു തിട്ടപ്പെടുത്താൻ പറ്റാത്ത അവസ്ഥയിലായിരിക്കും. ആ നഷ്ടങ്ങൾ പിന്നീട് നികത്തിയെടുക്കാനായി നെട്ടോട്ടമോടേണ്ടിവരും.



## <u>മർദ്ദിത സമൂഹം</u>

അമിതമായ വിധേയത്വമാണ് സമൂഹത്തെ മർദ്ദിത സമൂഹമായോ പോലീസ് രാജിന് വിധേയപ്പെടുന്നതൊ ആക്കി മാറ്റുന്നത്. നിയമ ലംഘനം, അത് അധികാരം കൈയ്യാളുന്നവർ ആണെങ്കിലും രാഷ്ട്രീയക്കാരാണെങ്കിലും പോലീസാണെങ്കിലും അത്തരക്കാർക്ക് ഒരു ചെറിയ ഇളവ് പോലും നൽകാതിരിക്കാൻ സമൂഹം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.



## മാനദണ്ഡം

ഒരാളുടെ മഹത്വം കുടികൊള്ളുന്നത് അയാളുടെ ധാർമികമായ നിലപാടുകളിലായിരിക്കണം. കലയിലായാലും രാഷ്ട്രീ യത്തിലായാലും ധാർമികതയായിരിക്കണം അയാളുടെ കഴിവു കൾക്കും മികവുകൾക്കും അംഗീകാരം നൽകുന്നതിനുള്ള പര മോന്നത മാനദണ്ഡം.



## ഫാക്ടറി മാലിന്യം

കുടിക്കുവാനുള്ള ജലം അമൃത് തന്നെയാണ്. ഫാക്ടറി മാലിന്യങ്ങളാൽ വിഷലിപ്തമാക്കപ്പെട്ട ജലം നമ്മുടെ ആന്തരീകാവയവങ്ങളെ തളർത്തുകയും തകർക്കുകയും ചെയ്യുന്നു. ലഭ്യമായ മഴവെള്ളം പാഴാക്കാതെ, ഫാക്ടറി മാലിന്യങ്ങളാൽ മലിനമാക്കപെടാതെ, മനുഷ്യനു ഉപയോഗപ്രദമാക്കുന്നിടത്താണ് നമ്മുടെ വിജയം.



## പെരുമാറ്റ വൈകല്യം

ഞാൻ വലിയ പദവിയിലാണ് എന്നതൊ, അയാളെ ശിക്ഷിക്കുവാൻ ഞാൻ പ്രാപ്തനാണ് തുടങ്ങിയ ചിന്തകളാണ് നമ്മെക്കാൾ ചെറുതെന്നു തോന്നുവന്നവരോടും മറുത്ത് ഒന്നും പറയില്ല എന്നു തോന്നുന്നവരോടും കുതിര കയറുവാൻ നമ്മെ പ്രേരിപ്പിക്കുന്നത്. ആണായാലും പെണ്ണായാലും അത്തരം പെരുമാറ്റ വൈകല്യം മാറ്റിയെടുക്കുവാൻ വേണ്ടത്ര മാന്യമായ പരിശീലനം കുടുംബത്തിൽ നിന്നും ലഭിക്കേണ്ടിയിരിക്കുന്നു.



## <u>ആത്മാർത്ഥത</u>

ഉദ്ദേശ്യം മറക്കുന്നില്ലെങ്കിൽ ലക്ഷ്യത്തിനായുള്ള മുന്നേറ്റവും അത് നേടിയെടുക്കുവാനുള്ള ആത്മാർത്ഥതയും ഉണ്ടായിരിക്കും. നന്മയുള്ള മനുഷ്യർ ഉന്നത പദവിൽ എത്തിപ്പെടാത്തതാണ് ഉദ്ദേശ്യം മറന്ന് സമൂഹം സ്വയം ഉള്ളിലേക്ക് തന്നെ വലിയുന്നതിനുള്ള കാരണം.




## ഗുണദോഷ വിചിന്തനം

ആരാണ് ശരി പറയുന്നത് എന്നത് പരിഗണിക്കാതെ, വിഭാഗീയ ചിന്തകളുടെയും, രാഷ്ട്രീയ ചിന്തകളുടെയും, പരിഗണനകളുടേയും പേരിൽ ഗുണദോഷ വിചിന്തനം സാധിക്കാതെ വരുന്നതു കൊണ്ടാണ് സമൂഹത്തിന് ശരിയായ ദിശാബോധം ലഭിക്കാതെ പോകുന്നത്.



## ആനന്ദം

ആരാന്റെ ഭാര്യയുടെ അവിഹിത ഗർഭത്തെപ്പറ്റി ചർച്ച ചെയ്ത് അഗാധമായ ആനന്ദം അനുഭവിക്കുമ്പോൾ ആരും ഓർക്കാറില്ല അവനവനെപ്പറ്റിയും സമൂഹം ഇത്തരം കഥകൾ മെനയുമെന്നും, പരദൂഷണ കലാപരിപാടികളിലെ ഒരു കഥാപാത്രമായി താനും മാറ്റപ്പെടുമെന്നും.



## ജാഗ്രത

ഇലക്ട്രോണിക് സാധനങ്ങളായാലും ഭക്ഷണ സാധനങ്ങളായാലും അതിലടങ്ങിയിരിക്കുന്നതും മനുഷ്യന് ദ്രോഹകരമായ കാര്യങ്ങളെപ്പറ്റി പഠിക്കാനും മനസ്സിലാക്കാനും ഉള്ള ജാഗ്രത പുലർത്താതിരുന്നാൽ നമ്മളെ തന്നെ അത് അപകടക്കെണിയിൽ പെടുത്തും.




## വിധികർത്താക്കൾ

ഏഃു തരം മത്സരമായാലും മത്സരാർത്ഥിയെ വിലയിരുത്തുന്ന വിധികർത്താക്കൾ എപ്പോഴും പരിചയ സമ്പന്നരും അതത് വിഷയത്തിൽ പ്രാഗത്ഭ്യം തെളിയിച്ചവരുമായിരിക്കണം. സമ്മാനത്തിന്റെയും സദസിന്റെയും നിലവാരമനുസരിച്ച് വിധികർത്താക്കളുടെ നിലവാരവും ഉന്നതമാകേണ്ടതുണ്ട്.



## ജീവിത വിജയം

ഒരാളുടെ വ്യക്തിത്വം രൂപപ്പെടുന്നതിൽ പാരമ്പര്യഘടകങ്ങളോടൊപ്പം ജീവിതസാഹചര്യങ്ങളും വളരെ പ്രധാനപ്പെട്ടതാണ്. പലപ്പോഴും താത്പര്യങ്ങൾക്കിണങ്ങിയ ജീവിത മേഖലകളിലല്ല യാഥാർത്ഥ്യങ്ങൾ ഒരുവനെ കൊണ്ടെത്തിക്കുന്നത്. യാഥാർഥ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മുന്നേറാൻ കഴിഞ്ഞാലേ ജീവിതവിജയം സാധ്യമാവുകയുള്ളു.



## ഇളവുകൾ

ഗമൂഹത്തലന്റെ താഴെക്കിടയിലുള്ള ജനങ്ങൾക്ക് അർഹതപ്പെട്ടതും നൽകേണ്ടതുമായ ഇളവുകളുടേയും കിഴിവുകളുടേയും ഭാരം സമ്പന്ന വിഭാഗങ്ങളിൽ ചുമത്തുകയോ അവരുടെ ലാഭത്തിൽ കുറവ് വരുത്തുകയോ ചെയ്യുക എന്ന സാമൂഹ്യമായ ഉത്തരവാദിത്വം അട്ടിമറിക്കപ്പെടുകയോ അവഗണിക്കുകയോ ചെയ്യരുത്.



## ബുദ്ധിമുട്ട്

മദ്യമായാലും മയക്കുമരുന്നായാലും ജീവിതത്തിൽ ആദ്യമുപയോഗിക്കുമ്പോൾ അസ്വാഭാവികതയും അരുചിയും ശരീരം തിരസ്ക്കരിക്കാനുള്ള പ്രവണതയും കാണിക്കും. എന്നിട്ടും ഉപയോഗം തുടരുകയാണെങ്കിൽ പിന്നെ പിന്നെ ശരീരത്തിനത് ലഭിക്കാതിരിക്കുമ്പോഴാകും ബുദ്ധിമുട്ട്.



# പ്രവൃത്തികൾ

ഒരാൾ ദുഖിതനാണ് എന്ന് മനസ്സിലാക്കി അവന്റെ ദു:ഖങ്ങളെ എണ്ണിപ്പറഞ്ഞ് കുത്തിനോവിക്കുന്നത് മനുഷ്യത്വമില്ലായ്മയാണ്. പലപ്പോഴും സ്വന്തം ദു:ഖങ്ങളെ മറ്റുള്ളവരിൽ നിന്നു മറയ്ക്കുവാനായിട്ടാകാം ഇത്തരം പ്രവൃത്തികൾ.



## ഏകദേശ ധാരണ

മനുഷ്യന് ദൈവത്തോടു ഭയം തോന്നുക നല്ല കാര്യമാണ്. എന്നാൽ ദൈവത്തോടുള്ള ഭക്തിയുടെ പേരിലുള്ള പോരാട്ടം എത്രത്തോളം പോകാം എന്നതിനെപ്പറ്റി ഏകദേശ ധാരണയുണ്ടായിരിക്കുന്നതും നല്ലതു തന്നെയാണ്.



## പണത്തിന്റെ മൂല്യം

പണത്തിന്റെ മൂല്യമിടിയുന്നത് മനുഷ്യന്റെയും മൂല്യമിടിയാൻ കാരണമായിട്ടുണ്ട്. പണത്തിന്റെ മൂല്യം അതിവേഗത്തിൽ ഇടി യാതിരിക്കാൻ ശ്രദ്ധിക്കേണ്ടത് അതത് കാലത്തെ ഭരണകർത്താ ക്കളുടെ കടമയാണ്. അത്തരമൊരവസ്ഥയിൽ പണത്തിന്റെ മൂല്യമിടിയാതിരിക്കാനുള്ള ഏതു ശ്രമങ്ങളും ന്യായീകരിക്കേണ്ട തുണ്ട്.



## നിരീക്ഷണം

ഹർദ്ദിക് പട്ടേലിന്റെ നേതൃത്വത്തിലുള്ള സംവരണത്തിനു വേണ്ടിയുള്ള സമരം ലോകം മുഴുവൻ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്. ആ കേസ്സിലാണ് ഗുജറാത്ത് കോടതിയിലെ ജഡ്ജി രണ്ട് കാര്യങ്ങളെ പറ്റി നിരീക്ഷണം നടത്തിയത്. അദ്ദേഹത്തിന്റെ നിരീക്ഷണത്തിൽ ഭാരതത്തെ രണ്ട് കാര്യങ്ങളാണ് പിന്നോട്ട് നയിക്കുന്നത്. ഒന്ന് സംവരണവും രണ്ട് അഴിമതിയും.



## കടയ്ക്കലെ കത്തി

പുറമെ നിന്നു നോക്കുമ്പോൾ ആകർഷകമായി കാര്യങ്ങൾ അവതരിപ്പിക്കുന്നവരെയും, ശരിയല്ലായെന്നു തോന്നുമ്പോഴും മതപരവും രാഷ്ട്രീയവുമായ നിലപാട് നോക്കി തനിക്ക് ഗുണപ്രദമായ രീതിയിൽ കാര്യങ്ങൾ സംസാരിക്കുന്നവരേയും നേതൃത്വത്തിലെത്തിക്കാനുള്ള ത്വരയാണ് ജനാധിപത്യത്തിന്റെ കടയ്ക്കലെ കത്തിയായി ഭവിക്കുന്നത്.




## ജനാധിപത്യത്തിലുള്ള വിശ്വാസം

ജനാധിപത്യത്തിന്റെ ഒരു പൊതുസ്വഭാവം എന്നത് അവസരവാദികളുടെ നേതൃത്വത്തിലേക്കുള്ള കടന്നു വരവും അവരെ തിരിച്ചറിയാതെ പോകുന്ന ജനാധിപത്യ വിശ്വാസികളുടെ വോട്ടവകാശം വിനിയോഗിക്കലുമാണ്. വല്ലപ്പോഴുമൊക്കെ ജനാധിപത്യത്തിൽ പുത്തൻ നേതൃത്വ-ഭരണ നിരകളെ പ്രതിഷ്ഠിക്കാൻ കഴിഞ്ഞില്ലെങ്കിൽ അത്തരം പരാജയങ്ങൾ ജനാധിപത്യത്തിലുള്ള വിശ്വാസം തന്നെ നശിപ്പിക്കുന്നു.



# പരിഹാരം

ധാർമികതയുള്ളയാളും, പദ്ധതി പണം ദുർവിനിയോഗം ചെയ്യുകയില്ലാ എന്ന വിശ്വാസമുള്ളയാളും, ജനവിഭാഗത്തിന്റെ ജീവിത സൂചികയെപ്പറ്റി പഠിച്ച് അവക്ക് പരിഹാരം നിർദ്ദേശിക്കാൻ കഴിയുന്നയാളും, നിയമ വ്യവസ്ഥയെക്കുറിച്ച് ആഴത്തിലുള്ള അറിവുള്ളയാളും, ഭരണ കർത്താവായി വീണ്ടും തിരഞ്ഞെടുക്കണമെന്ന ആഗ്രഹമില്ലാത്തയാളും, പോയകാലത്തെ ഭരണാധികാരികുളുടെ വാക്കുകളെ ആദരവോടെ കാണാനുള്ള വ്യക്തിവിനയമുള്ളയാളും, സാമൂഹ്യവും സാംസ്ക്കാരികവുമായ ഉയർന്ന നിരവാരമുള്ളയാളും, പരിസ്ഥിതികളോട് മേന്മയുള്ള സമീപനമുള്ളയാളുമായിരിക്കണം ജനാധിപത്യത്തിൽ നേതൃത്വസ്ഥാനത്ത് എത്തേണ്ടത്.




## പ്രാകൃതമായ കാര്യം

സർക്കാർ - പൊതുമേഖലാ തൊഴിലിടങ്ങളിലെ ഏറ്റവും പ്രാകൃതമായ കാര്യമെന്നത് ജാതിനോക്കി തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റും അത്തരം ജാതി നോക്കി പത്താമെതോ നൂറാമതോ റാങ്കിലുള്ളയാളെ രണ്ടാമനായൊ നാലാമനായൊ ആയി നിയമിച്ച് പിന്നീട് യഥാർത്ഥ റാങ്കിൽ മുകളിലുള്ള പത്തുപേരുടേയൊ നൂറ് പേരുടേയൊ കൺട്രോളിങ് ഓഫീസറായി നിയമിക്കപ്പെടുന്നു എന്നതാണ്.




## ദുർഭലപ്പെടുത്തുന്ന വ്യവസായം

ജനാധിപത്യത്തിൽ മദ്യവ്യവസായം പോലെ ബന്ധപ്പെട്ടു കിട ക്കുന്ന മറ്റൊരു സ്വാധീന ഘടകവുമില്ലായെന്നു പറയാം. സമൂ ഹത്തെ ഇത്രത്തോളം ദുർഭലപ്പെടുത്തുന്ന വ്യവസായം മറ്റൊ ന്നില്ലാ എന്നിരിക്കെ സമൂഹത്തിന് ഇത്തരം ജനാധിപത്യ-മദ്യ ബന്ധത്തെ ന്യായീകരിക്കാൻ ഒരിക്കലും കഴിയില്ല.



## ചേറിലും ചെളിയിലും

ഭരണ പരിഷ്ക്കാരങ്ങളിൽ സാധാരണ ജനവിഭാഗത്തിന് ലഭിച്ച നേട്ടങ്ങളെ വച്ചാണ് ഇ.എം.എസിന്റെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ ന്യായീകരിക്കാറ്. അന്നത്തെ സാധാരണ ജനവിഭാഗങ്ങൾ ഇന്നിപ്പോൾ ചേറിലൊ ചെളിയിലൊ ഇറങ്ങണമെന്നില്ല. പകരം ചേറിലും ചെളിയിലുമിറങ്ങാൻ തയ്യാറാകുന്നത് അന്യസംസ്ഥാനങ്ങളിൽ നിന്നും വന്ന് ഇവിടെ കേരളീയനായി മാറിയവരാണ്.



## മിശ്രവിവാഹങ്ങൾ

മിശ്രവിവാഹങ്ങൾ പലപ്പോഴും ഒളിച്ചോട്ടങ്ങളാണ്. തന്നെ പരിരക്ഷിക്കുവാൻ വരൻ പര്യാപ്തനാണോ എന്നൊന്നും പെണ്ണിന് അറിയുവാൻ കഴിയാറില്ല. അതുകൊണ്ടുതന്നെ പെണ്ണിന്റെ ഇത്തരം ചിന്താശക്തിയില്ലാത്ത പ്രവൃത്തികളെ വിവാഹമെന്ന പേരിൽ ന്യായീകരിച്ച് അത്തരം കെണികളിൽ തളച്ചിടരുത്.




## <u>കരുത്ത് ജനാധിപത്യത്തിൽ</u>

ഭരണ നേട്ടമുണ്ടാക്കാൻ അനുവദിക്കാതിരിക്കുക എന്നത് പ്രതി പക്ഷത്തിന്റെ കടമയല്ലെങ്കിലും ഭരണനേട്ടമുണ്ടാക്കാൻ അനുവ ദിക്കാതിരിക്കുന്നതാണ് ഇപ്പോൾ പ്രതിപക്ഷം ചെയ്തുകൊണ്ടിരി ക്കുന്നത്. രാജ്യപുരോഗതി എന്നത് നല്ലതിനെ നല്ലതായി കാണാ ത്തവരെ തുരത്തിയെറിയുവാനുള്ള ജനാധിപത്യ വിശ്വാസിക ളുടെ കരുത്താണ്.



## കമ്മിറ്റികളുടെ കലവറ

എന്തിനും ഏതിനും കമ്മിറ്റിയുണ്ടാക്കുകയും പത്രതാളുകളിൽ ചിത്രവും പേരും വരുന്നതുമൊക്കെയായി മാറിയിരിക്കുന്നു നമ്മുടെ ജനാധിപത്യം. ഇത്തരം കമ്മിറ്റികൾ അവയുടെ പ്രവർത്തനങ്ങളിൽ വേണ്ടത്ര ശ്രദ്ധ കാണിക്കാറില്ലെന്നു മാത്രമല്ല രാജ്യ പുരോഗതിക്ക് തടസം നിൽക്കുംവിധം സമയാസമയങ്ങളിൽ ഉത്തരവാദിത്വം നിറവേറ്റാതായി മാറിയിരിക്കുന്നു.



## സൃഷ്ടിപരമായ മാറ്റങ്ങൾ

സർക്കാർ ജീവനക്കാരുടെ പെൻഷൻ സമ്പ്രദായം നവീകരിച്ചതും, നവീകരിക്കപ്പെട്ടവരുടെ പെൻഷൻ പ്രായം ഉയർത്തിയതും ആധുനീക സാങ്കേതികവിദ്യയായ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതും സൃഷ്ടിപരമായ മാറ്റങ്ങളാണ്. വൈകിയുദിച്ച ബോധോദയം കാരണം സർക്കാർ റവന്യൂ വരുമാനത്തിന്റെ 80 - 90 ശതമാനവും ശമ്പളവും പെൻഷനുമായി ഇപ്പോഴും ചിലവഴിക്കേണ്ടതായി വരുന്നു.




## സൃഷ്ടിപരമായ പ്രവൃത്തി

സൃഷ്ടിപരമായ പ്രവൃത്തികളിൽ ഏർപ്പെടുന്നവർക്ക് വിമർശനങ്ങൾ ഉണ്ടാവുക സ്വാഭാവീകമാണ്. അത്തരം വിമർശനങ്ങൾ ഉയർത്തുന്നവർ തങ്ങൾക്ക് തെറ്റ് കുറ്റങ്ങൾ ഉണ്ടാവാറില്ലായെന്നും വിശ്വസിക്കുന്നു. തെറ്റുകുറ്റങ്ങൾ ഒരിക്കലും പറ്റിയിട്ടില്ലാ എന്നതിൽ നിന്നും വ്യക്തമാവുന്നത് അവർ ഒരിക്കലും സൃഷ്ടിപരമായ പ്രവൃത്തികളിൽ ഏർപ്പെട്ടിട്ടില്ല എന്നതാണ്.



## ആത്മവിശ്വാസം

ദുർബലമായ സാമൂഹ്യവും സാമുദായീകവുമായ സാഹചര്യങ്ങളിൽ ജനിച്ചു വളർന്നവർ ദുർബലമായി ഉത്തരവാദിത്വം നിറവേറ്റിയാലും മെച്ചപ്പെട്ടവരാണ് തങ്ങളെന്ന് വിശ്വസിക്കുന്നതായി കാണുന്നു. കേരളത്തിലെ സർക്കാർ മേഖലയിൽ ലഭിക്കുന്ന സംവരണ പ്രമോഷനും അങ്ങനെ എത്തുന്ന ഉന്നത ഉദ്യോഗസ്ഥരും അതിനൊരു വ്യക്തമായ ഉദാഹരണമാണ്.




## അകലെയുള്ളവർ

സംഘട്ടനം സൃഷ്ടിക്കുന്ന ചേരിതിരിവ് താത്ക്കാലികമായി സുരക്ഷാ ബോധം നൽകുന്നു. അങ്ങനെ സംഘട്ടനങ്ങളിൽ പങ്കുളികളാവുന്നവർ പിന്നീട് അതിൽ ആത്മരതി അനുഭവിക്കുന്നതായി കാണാം. സമാധാനം ആഗ്രഹിക്കുന്നവർക്ക് എത്തിപ്പെടാൻ വയ്യാത്തവിധം അകലെയുള്ളവരാണ് സംഘട്ടനം സൃഷ്ടിക്കുന്ന ചേരിതിരിവിലൂടെ സുരക്ഷാബോധം കാംക്ഷിക്കുന്നവർ.




## പരിഷ്ക്കരണം

തീരുമാനങ്ങൾ അടിയന്തിരമായി എടുക്കേണ്ടി വരുമ്പോൾ തീരുമാനങ്ങൾ വച്ചു താമസിപ്പിക്കുന്നത് വലിയ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നു. ഭൂമി രജിസ്ട്രേഷൻ നിയമങ്ങളിൽ കാലോചിതമായ പരിഷ്ക്കാരം നടപ്പിൽ വരുത്തുവാൻ ഉണ്ടായ കാലതാമസം ഭൂമിവിലയിൽ ക്രമാതീതമായ വർദ്ധനവ് വരുത്തുവാൻ ഇടയായത് ഉദാഹരണമാണ്.



## വെല്ലുവിളി

കാലോചിതമായ പരിഷ്ക്കാരങ്ങൾ സർക്കാർ തൊഴിലിടങ്ങളിൽ നിന്നും മാറ്റിനിറുത്തുന്നത് സാധാരണ ജനവിഭാഗത്തോടുള്ള വെല്ലുവിളിയാണ്. വെള്ളക്കാർ ഭരിച്ചിരിന്നപ്പോഴുള്ള ഫയൽരീതി തന്നെ ഇപ്പോഴും സർക്കാർ തൊഴിലിടങ്ങളിൽ തുടരുന്നത് സംസ്ഥാനത്തിന്റെ വികസന മുരടിപ്പിനെ വല്ലാതെ സ്വാധീനിച്ചിട്ടുണ്ട്.



## നിബന്ധനകൾ

സർക്കാർ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്ന സെൽഫ് ഫിനാൻസിങ് കോളേജുകളിൽ 50% സീറ്റുകൾ ജാതി അടിസ്ഥാനത്തിൽ മാറ്റിവെക്കേണ്ടതായി വരുന്നു. ശാസ്ത്ര പുരോഗതിയുടെ കാലോചിതമായ വളർച്ചയെ അവഗണിച്ച് വരും തലമുറയുടെ സന്മാർഗ ബോധവും ആത്മാഭിമാനവും തകർക്കുവാൻ മാത്രമെ ഇത്തരം നിബന്ധനകൾക്ക് കഴിയുന്നുള്ളൂ.



## മേൽത്തട്ടു പരിധി

സംവരണ വിഭാഗങ്ങളിൽ നിശ്ചയിച്ചിരിക്കുന്ന മേൽത്തട്ടു പരിധി തുടരെ തുടരെ വർദ്ധിപ്പിച്ച് സംവരണം എന്നത് സംവരണ വിഭാഗങ്ങളിലെ സമ്പന്നർക്ക് പ്രാമുഖ്യം കൊടുക്കുന്ന രീതിയായി മാറി.



## നിലവാരവും സംസ്ക്കാരവും

ഒരാളുടെ നിലവാരവും സംസ്ക്കാരവും അയാളുടെ സംസാര ഭാഷയും ശരീര ഭാഷയും നോക്കി മനസിലാക്കാവുന്നതാണ്. മോശമായ സംസാര ഭാഷയും ശരീര ഭാഷയും ഉള്ളവരെ ഉന്നത പദവി വഹിക്കാൻ ചുമതലപ്പെടുത്തുന്നത് പോലീസിൽ നല്ല ജനുസിൽ പെടാത്ത നായ്ക്കളെ കേസന്വേഷണത്തിനായി തിരഞ്ഞെടുക്കുന്നതു പോലെയാണ്.



## നിയമനം

കേരളത്തിലെ പഴയകാല എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് വിദ്യാഭ്യാസ പുരോഗതിക്കും സമ്പൂർണ്ണ സാക്ഷരതക്കും കാരണമായിട്ടുള്ളത്. അത്തരം സ്ഥാപനങ്ങളിൽ നിയമനം ലഭിച്ചിരുന്നവർ നല്ല സംസ്ക്കാരവും ജീവിത യാഥാർത്ഥ്യ ബോധവുമുള്ളവരായിരുന്നു എന്ന് വ്യക്തമാകുന്നു.



## അഃീവ ജാഗ്രത

മലനിരകൾ ഇടിച്ചു നിരത്തുകയും നീർത്തടങ്ങളും പൊയിലുകളും കരപ്രദേശങ്ങളായി മാറ്റുകയും ചെയ്യുന്നത് മനുഷ്യ ജീവന് എത്രത്തോളം ദോഷകരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. പരിസ്ഥിതി പ്രധാനമായ സ്ഥലങ്ങൾ അതീവ ജാഗ്രതയോടെ നിയമം മൂലം സംരക്ഷിക്കപ്പെടണം.



# വിഴിഞ്ഞം പദ്ധതി

വിഴിഞ്ഞം പദ്ധതി ഏറെ പ്രതീക്ഷകൾ നൽകുന്നു. നഗ്ന നേത്ര ങ്ങൾക്ക് കാണാവുന്നത്ര അകലെയാണ് കപ്പൽപാത എന്നതിനു പുറമെയാണ് വൻകിട കപ്പലുകൾക്ക് അടുക്കാൻ പറ്റുന്നത്ര പ്രകൃതിദത്തമായ ആഴവും പരപ്പും കൊണ്ട് അനുഗ്രഹീത മാകുന്ന ഈ പ്രദേശം




## <u>എൻജിനീയറിംഗ് കേളേജുകൾ</u>

അഖിലേന്ത്യ സാങ്കേതിക വിദ്യാഭ്യാസ കൗൺസിൽ അംഗീകരിച്ച മാനദണ്ഡങ്ങൾ പാലിക്കുന്ന എൻജിനീയറിംഗ് കേളേജുകൾക്ക് അംഗീകാരം നൽകേണ്ടതുണ്ട്. സ്ഥാപനത്തിന്റെ നേട്ടങ്ങളോടൊപ്പം വിവിധ വർഷങ്ങളിലുണ്ടായ വിജയ ശതമാനവും വ്യക്തമാക്കുന്ന സ്ഥിതിവിവര പട്ടിക എല്ലാ വർഷവും പരസ്യപ്പെടുത്താൻ കേരളത്തിലെ ഹയർ എഡ്യുക്കേഷൻ കൗൺസിൽ തയ്യാറാകണം



## ഐ.ഐ.ഇ.എസ്.ടി

കേരളത്തിൽ അനുവദിക്കപ്പെടുന്ന ഉന്നത വിദ്യാഭ്യാസ പഠന കേന്ദ്രങ്ങളെ നിർദ്ദാക്ഷിണ്യം തള്ളിക്കളയുന്നത് ശരിയല്ല. പക്ഷ പാതപരമായ രാഷ്ട്രീയ ചിന്താഗതി സ്വീകരിച്ചിട്ടുള്ളവരാണ് കേര ളീയൻ എന്നത് തെളിയിക്കുന്നതാണ് കൊച്ചി ശാസ്ത്ര സാങ്കേ തിക ശാസ്ത്ര സർവ്വകലാശാലയെ മികവിന്റെ ഉന്നത പഠന കേന്ദ്ര മായ ഐ.ഐ.ഇ.എസ്.ടി ആക്കി മാറ്റാനുതകുന്ന നടപടികളിൽ നിന്നും പിന്നോക്കം പോയത്.



## അസഹിഷ്ണത

കേരളീയ സമൂഹം അഭിപ്രായപ്രകടനങ്ങളോട് അസഹിഷ്ണത പ്രകടിപ്പിക്കുന്നത് ഒട്ടും മേന്മയുള്ള കാര്യമല്ല. വ്യത്യസ്ഥ അഭി പ്രായങ്ങൾക്കും കൂടി ചെവി കൊടുക്കുന്ന ഒരു സമൂഹത്തിനു മാത്രമെ വ്യകതമായ ഒരു സാമൂഹിക കാഴ്ചപ്പാട് സ്വീകരിക്കു വാൻ കഴിയുകയുള്ളൂ.



## വിദ്യാഭ്യാസ സ്ഥാപനങ്ങൾ

നമ്മുടെ സർക്കാർ, സർക്കാതിര എയ്ഡഡ് പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരു വില്ലേജിൽ ഒന്ന് എന്നായി പുനസ്ഥാപി ക്കേണ്ടതുണ്ട്. വിദ്യാർത്ഥികൾ കുറവുള്ള ഇത്തരം പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ വാഹസൗകര്യം ഉപയോഗപ്പെടുത്തി ആധുനീക വിദ്യാഭ്യാസ സ്ഥാപനങ്ങളായി ഉയർത്തേണ്ടിയിരിക്കുന്നു.



## സർക്കാർ ഓഫീസുകൾ

നമ്മുടെ സർക്കാർ ഓഫീസുകളിൽ നിലനൽക്കുന്ന രീതികൾ ബ്രിട്ടീഷ് കാലഘട്ടത്തെ അനുസ്മരിപ്പിക്കുന്നതൊ അക്കാലയള വിലെപ്പോലെയൊ തന്നെയാണ്. മാറ്റം എന്നു പറയാവുന്നത് കഴിവ് നോക്കാതേയും ജാതി നോക്കിയുമാണ് നിയമനവും തുടർന്നുള്ള പ്രൊമോഷനും എന്നതു മാത്രമാണ്. ഫയലുകൾ കൃത്യമായി സൂക്ഷിക്കുന്നതിലും അതിന്മേൽ വ്യക്തമായ തീരമാന മെടുക്കുന്നതിലും പരാജയമാണ് ഫലം.



## കേരളത്തിന്റെ നേതൃത്വം

കേരളത്തെ സംബന്ധിച്ചിടത്തോളം സർക്കാർ മേഖലയിലുള്ള നിയമനവും തുടർന്നുള്ള പ്രമോഷനും ജാതി അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. അല്ലായിരുന്നുവെങ്കിൽ കേരളത്തിന്റെ കാര്യക്ഷമതയിലും കാര്യപ്രാപ്തിയിലും മുൻപന്തിയിലുള്ള കേരള ജനത ഭാരതത്തിനു തന്നെ വികസന കാര്യങ്ങളിൽ നേതൃത്വം നൽകി വികസിത രാജ്യങ്ങളുടെ മുമ്പന്തിയിൽ എത്തിക്കുമായിരുന്നു.



## അനന്തര ഫലങ്ങൾ

നമ്മുടെ സർക്കാർ സ്ഥാപനങ്ങളിൽ ജാതി തിരിച്ചുള്ള നിയമനങ്ങളും കഴിവു നോക്കാതുള്ള പ്രമോഷനുകളും നടത്തുതിലൂടെ യഥാർത്ഥ കഴിവുള്ള വ്യക്തിത്വങ്ങളെ അവഗണിക്കുകയാണ് ചെയ്യുന്നത്. സർക്കാർ ജീവനക്കാരിൽ നിന്നും സമാന്യ ജനങ്ങൾ അവഗണന അനുഭവിക്കുന്നു എന്നതു മാത്രമല്ല മറ്റിതര രോഗപീഡകളും ദുരിതങ്ങളുമെല്ലാം ഇത്തരം നിയമനങ്ങളുടെ അനന്തര ഫലങ്ങളായാണ് കേരളം അനുഭവിക്കുന്നത്.



## സംഘടനാ പ്രവർത്തനം

ഒരു സമൂഹത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമായ കാര്യമാണ് അവിടെ നിലനിൽക്കുന്ന അച്ചടക്കം. നീതിന്യായ വ്യവസ്ഥയെ നേരാംവണ്ണം നയിക്കേണ്ട പോലീസുകാരനും അത്തരം അച്ചടക്കത്തിന്റെ കാര്യത്തിൽ വീഴ്ച വരുത്തുവാൻ സാധ്യമല്ല. അതുകൊണ്ട് തന്നെ നമ്മുടെ പോലീസ് സംഘടനകളുടെ സംഘടനാ പ്രവർത്തനം എത്രത്തോളം പോകാം എന്നതിനെപ്പറ്റി പുനർചിന്തനം ആവശ്യമായി വരുന്നു.



## സംഘടനാ മേഖല

കേരളത്തിന്റെ നിലവിലുള്ള സംഘടനാ രീതികൾ പരിശോധിച്ചാൽ രാഷ്ട്രീയ മേഖല എത്രമാത്രം അധപതിച്ചൊ അത്രതന്നെയോ അതിൽ കൂടതലൊ ആയ അധപതനമാണ് സംഘടനാ രീതിയിലും സംഭവിച്ചുള്ളത് എന്ന് കാണാം. നമ്മുടെ സംഘടനാ മേഖല കൂടുതൽ ആർജ്ജവം പ്രകടിപ്പിക്കേണ്ടത് സമൂഹത്തോടുള്ള ഉത്തരവാദിത്വ നിർവഹണത്തിലായിരിക്കണം എന്നകാര്യം മറന്നു പോയിരിക്കുന്നു.



## പൊതുജനം

പൊതുജനത്തിന്റെ ഭാഗത്തു നിന്നു നോക്കുകയാണെങ്കിൽ നമ്മുടെ സർക്കാർ സ്ഥാപനങ്ങളും പൊതുമേഖലാ സ്ഥാപന ങ്ങളും ഒരു പരാജയം തന്നെയാണ്. ഒട്ടുമിക്ക സർക്കാർ സ്ഥാപ നങ്ങളും കൈക്കൂലിയിലും അഴിമതിയിലും മുങ്ങി നിൽക്കുക യാണ്. സംഘടനാ നേതാക്കളുടെ താൽപര്യവും അത്തരം മേഖ ലയിലേക്ക് തരംതാഴന്നിരിക്കുന്നു.




## യൂണിയൻ നേതാക്കൾ

നമ്മുടെ സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിലെ യൂണിയൻ നേതാക്കൾക്ക് കൂടുതൽ സാമൂഹ്യ ഉത്തരവാദിത്തം ഉണ്ടാകണം. എന്നാൽ മാത്രമെ പൊതുജനങ്ങളോടുള്ള സമീപന ത്തിലും ജീവനക്കാരന്റെ ക്വാളിറ്റി വളർത്തുന്നതിലും വിജയം വരുത്തുവാൻ സാധിക്കുകയുള്ളൂ.




## സ്ഥാപനങ്ങളുടെ മേന്മ

ജാതി തിരിച്ചുള്ള നിയമനങ്ങളും തുടർന്നുള്ള കഴിവു പരിഗണിക്കാതുള്ള പ്രമോഷനും മരണാനന്തരം നൽകുന്ന ആശ്രിയ നിയമനങ്ങളും എല്ലാം നമ്മുടെ സർക്കാർ സ്ഥാപനങ്ങളുടെ മേന്മ നശിപ്പിക്കന്നതിൽ വ്യക്തമായ പങ്കു വഹിച്ചിട്ടുണ്ട്. സേവന വർഷം മാത്രം നോക്കി പ്രമോഷൻ നൽകുന്നതിനാൽ, മേൽപ്പറഞ്ഞ കഴിവ് കുറഞ്ഞ വ്യക്തികൾ, കൂടുതൽ കാലയളവിൽ ഉന്നത സ്ഥാനങ്ങൾ വഹിച്ച് സർക്കാർ സ്ഥാപനങ്ങളുടെ നിലവാരം താഴ്ന്നു പോകുവാൻ ഇടയാക്കുന്നു.



## <u>കാര്യക്ഷമത</u>

സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം എല്ലാ ജനവിഭാഗത്തിനുമായി പ്രയോജനപ്പെടുത്തേണ്ടതാണ്. നിലവിൽ ജാതി സംവരണത്തിലൂടെ പരമിമിതമായ കുറച്ചു സർക്കാർ ജീവനക്കാർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു. കേരളത്തിന്റെ 80% - 90% വരുന്ന റവന്യൂ വരുമാനമാണ് ഇന്നത്തെ നിലയിൽ സർക്കാർ ജീവനക്കാർക്കായി ചിലവഴിക്കപ്പെടുന്നത്. ജീവനക്കാരുടെ കാര്യക്ഷമത മാത്രം പരിഗണിച്ച് പ്രമോഷൻ പരമമിതപ്പെടുത്തിയാൽ തന്നെ ആയത് ഭീമമായി കുറക്കാൻ കഴിയും എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.



## ഉന്നത വിദ്യാഭ്യാസവും പഠനവും

21-ാം നൂറ്റാണ്ടിന്റെ ആദ്യ വർഷങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനെ സംബന്ധിച്ച പഠനങ്ങൾക്കായി വിവിധ കമ്മിറ്റികളെ നിയമിക്കുകയുണ്ടായി. നമ്മുടെ രാജ്യത്ത് ഐ.ഐ.ടി സ്ഥാപനങ്ങൾ ഇനിമുതൽ ആരംഭിക്കേണ്ടതില്ലായെന്നും ഐ.ഐ.ഇ.എസ്.ടി-കളാണ് ഇനി ആരംഭിക്കേണ്ടതെന്നും അത്തരം കമ്മിറ്റികൾ ശുപാർശ ചെയ്യുകയുണ്ടായി. കേരളത്തിനു ലഭ്യമായ ഐ.ഐ.ഇ.എസ്.ടി സ്ഥാപനത്തെ വേണ്ടായെന്നു വച്ചത് കേരളം സ്വന്തജനതയോട് ചെയ്ത വലിയ തെറ്റ് തന്നെയാണ്.




## ജീവിത വിജയം

എത്രമാത്രം അടിസ്ഥാന ജ്ഞാനം നേടുന്നുവൊ അത്രമാത്രം ജീവിത വിജയം നേടുമെന്നാണ് പ്രമാണം. എന്നാൽ പല പ്പോഴും കൂട്ടത്തിൽ ഒഴുകുന്നതുപോലെയാണ് സമൂഹം പെരുമാറുന്നത്. എത്രമാത്രം സുഖസൗകര്യങ്ങൾ ലഭിച്ചാലും സംതൃപ്തി വരാതെ ഇനിയും എന്തൊ കൂടി കുറവുണ്ട് എന്ന് ചിന്തിച്ച് എതിരാളികളുടെ ദുഷ്പ്രചാരണങ്ങളിൽ വീണു പോകുന്നു.




## അംഗീകാരം

അട്ടയെപ്പിടിച്ച് മെത്തയിൽ കിടത്തിയാൽ അതിന് കിടക്ക യോജിച്ചതല്ലാ എന്നും കുമ്പളം കുഴികുത്തി നട്ടാൽ മത്തൻ ഉണ്ടാകില്ലാ എന്നും കൂടുതൽ ഇറച്ചി കൊടുത്താൻ അലഞ്ഞു നടക്കുന്ന പട്ടി അൽസേഷനാവുയില്ലാ എന്നതും ഓർമിച്ചാൽ നല്ല വ്യക്തിത്വങ്ങളെ കണ്ടറിഞ്ഞ് അംഗീകരിക്കാൻ കഴിയുന്നു.





## <u>മാറ്റങ്ങൾ</u>

അഭിപ്രായ വ്യത്യാസങ്ങൾ ലോകാരംഭം മുതലെ ഉണ്ട്. അവയെ ഗുണപരമായി മാറ്റിയെടുക്കുന്നതായിരുന്നു സമൂഹത്തിന്റെ മേന്മയായി കണക്കാക്കിയിരുന്നത്. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളാൻ കഴിയാത്തവർ ഉണ്ടാക്കി വക്കുന്ന പൊല്ലാപ്പുകൾ ശക്തമായ പൊതുജന സംവാദത്തിലൂടെ മാത്രമെ പരിഹരിക്കുവാൻ കഴിയുകയുള്ളൂ.



## സമാധാന അന്തരീക്ഷം

ആശയപരമായി നേരിടുവാൻ കഴിയാത്തപ്പോഴാണ് പലപ്പോഴും പൈശാചികമായ നിലപാടുകൾ സ്വീകരിക്കുന്നത്. വ്യക്തികളായാലും സംഘടനകളായാലും പാർട്ടികളായാലും ഇത്തരം പൈശാചിക പ്രവർത്തനങ്ങളിൽ നിന്നും മാറി നിൽക്കേണ്ടത് രാജ്യത്ത് സമാധാനം പുലരുന്നതിനും നീതി ന്യായ വ്യവസ്ഥ നില നിൽക്കുന്നതിനും അത്യന്താപേക്ഷിതമാണ്.

# മൊഴിമുത്തുകൾ

എസ്. കാച്ചപ്പിള്ളി



കാലത്തിന്റെ സ്പന്ദനങ്ങളിൽ - സദാജാഗരൂകമായ്,
മുഖംമൂടികളില്ലാതെ,
മുഖമില്ലാത്തവർക്കായ്,
നിർഭയമായ്
നിത്യജീവിതത്തിലെയ്ക്ക് തുറന്നു വച്ച കണ്ണുകൾ
സമൂഹത്തിന്റെ സമഗ്ര പുരോഗതിയ്ക്കായി
ആഗ്രഹിക്കുന്ന ഒരു മനസ്സ് -അപഗ്രഥനങ്ങൾ,
പോംവഴികൾ, നിർദ്ദേശങ്ങൾ

**വില:** ₹ 60/-
**വിതരണം: സംസ്ക്കാര, കൊച്ചി– 682 509.**
Tel:9446459784